# ഗ്രാമ ന്യായാലയ, അമ്പലപ്പുഴ
## ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ.ജി, ന്യായാധികാരി
## 2025 –മാണ്ട് ഡിസംബർ മാസം 29–)o തീയതി

## CMP 792/2025 IN MC 16/2018

ഹർജിക്കാരി : സാജിതാമോൾ.എം, 46 വയസ്, W/o. ഷാജി.വൈ, ആയന്റെ കളത്തിൽ, തോട്ടപ്പള്ളി മുറി, പുറക്കാട് വില്ലേജ്, അമ്പലപ്പുഴ താലൂക്ക്, ആലപ്പുഴ
നിലവിൽ താമസം : ആനക്കളത്തിൽ വീട്, കാട്ടുപുറം വെളിയിൽ, വണ്ടാനം മുറി, അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത്, അമ്പലപ്പുഴ വടക്ക് വില്ലേജ്, വണ്ടാനം പി.ഒ, ആലപ്പുഴ – 688 005
(പ്രതിനിധീകരിക്കുന്നത് അഡ്വ. ഹമീദ് മാന്തളശ്ശേരിൽ)

എതൃകക്ഷി : ഷാജി.വൈ , 57 വയസ്, S/o. യൂസഫ്, വാടിയിൽ ഹൗസ് , ലജനത്ത് വാർഡ്, ആലപ്പുഴ
നിലവിൽ താമസം : ബ്ലോക്ക് നമ്പർ–4, ക്വാർട്ടേഴ്സ് നമ്പർ –12, പോലീസ് ഹൗസിംഗ് കോംപ്ലക്സ്, കോമ്പാറ, എറണാകുളം
(പ്രതിനിധീകരിക്കുന്നത് അഡ്വ. ബിജിലി ജോസഫ്)

## ഉത്തരവ്

1. ഹർജിക്കാരി ഹാജർ ഇല്ല. പ്രതിനിധീകരിച്ചു. എതൃകക്ഷി ഹാജർ. പ്രതിനിധീകരിച്ചു.
2. ഇരുകക്ഷികളുടെയും വാദം വിശദമായി കേൾക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു.
3. ഈ കേസിലെ ഹർജിക്കാരി അസ്സൽ ഹർജിയിലെ (MC.16/2018) ഹർജിക്കാരിയും ഈ കേസിലെ എതൃകക്ഷി അസ്സൽ ഹർജിയിലെ എതൃകക്ഷിയുമാണ്. CMP.792/2025 ൽ രേഖകൾ മിസ് പ്ലെയ്സ് ചെയ്തു പോയെന്നും അതിനാലാണ് കോടതി മുമ്പാകെ വിചാരണ സമയം രേഖകൾ ഹാജരാക്കാൻ കഴിയാതെ വന്നതെന്നും ഹർജിഭാഗം അഭിഭാഷകന്റെ ഓഫീസിൽ നിന്നും രേഖകൾ ഇപ്പോൾ മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞതെന്നും ഹർജിക്കാരി ഹർജിയിൽ

(CMP.792/2025) പറയുന്നു. ഹർജിക്കാരിയെ മുമ്പ് നിരവധി തവണ വിസ്തരിച്ചപ്പോഴും രേഖകൾ കണ്ടുകിട്ടിയില്ല എന്നു പറയുന്നത് വിശ്വസിക്കാൻ ബുദ്ധിമുട്ടുള്ള കാര്യമാണ്. വിശ്വസനീയമായ കാരണങ്ങൾ ബോധിപ്പിക്കാത്തതിനാൽ കേസിലെ വിചാരണ നീട്ടിക്കൊണ്ടുപോകാൻ ഹർജിക്കാരിയുടെ ഭാഗത്തു നിന്നുള്ള ശ്രമം ആണോ എന്ന് ന്യായമായും സംശയിക്കാവുന്നതാണ്. ഈ കേസ് അഞ്ച് വർഷത്തിലേറെയായി പഴക്കമുള്ള കേസാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 23.07.2025 ലെ OP(Crl). No.602/2024 ലെ നിർദ്ദേശ പ്രകാരം 26.01.2026 ന് മുമ്പ് കേസ് തീർപ്പാക്കേണ്ടതുണ്ട്. നിലവിൽ MC.16/2018 ൽ ഹർജിഭാഗത്തിന്റെ തെളിവെടുപ്പ് പൂർത്തീകരിച്ചശേഷം എതൃകക്ഷിയുടെ തെളിവിനായി പോസ്റ്റ് ചെയ്യതിരിക്കുകയാണ്. ആയതിനാൽ മേൽപറഞ്ഞ സാഹചര്യങ്ങളിൽ ഹർജിക്കാരി ഫയൽ ചെയ്ത ഹർജി നിലനിൽക്കത്തക്കതല്ല എന്ന് ഈ കോടതിക്ക് ബോധ്യം വന്നിരിക്കുന്നതിനാൽ പ്രസ്തുത ഹർജി (CMP.792/2025) തള്ളി ഉത്തരവ് ആയിരിക്കുന്നു.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്തു. വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2025 ഡിസംബർ മാസം 29 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

ഗ്രാമന്യായാലയ, അമ്പലപ്പുഴ, പിൻ 688 003

**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**